**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2018-19 – 2014-15 വർഷം മൃഗാശുപത്രി നവീകരണത്തിനായി മൃഗസംരക്ഷണ വകുപ്പിൽ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുക വികസന ഫണ്ടിലെ പൊതു വിഭാഗത്തിൽ അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവാകുന്നു

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം. 1541/2019/ധന. തീയതി, തിരുവനന്തപുരം, 28 ഫെബ്രുവരി 2019

---

പരാമർശം. 1) സ.ഉ.(അ) നം.119/2015/ധന തീയതി: 21/03/2015
2) സ.ഉ.(അ) നം.419/2015/ധന തീയതി: 19/09/2015
3) പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 17/05/2017 ലെ എ 1-1923/17 നം.കത്ത്
4) പഞ്ചായത്ത് ഡയറക്ടറുടെ 27/11/2018 ലെ ജെ1-24246/2018 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന് 2014-15 വർഷം മൃഗാശുപത്രി നവീകരണത്തിനായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും 5,00,000/- രൂപ അനുവദിച്ചിരിരുന്നുവെന്നും പാലക്കാട് ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിരുന്ന ടി തുക പരാമർശം (2) ലെ ഉത്തരവ് പ്രകാരം വി.പി.എഫ്-II (എ) അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നുവെന്നും 2015-16 സാമ്പത്തിക വർഷം ടി പ്രവൃത്തി പൂർത്തീകരിച്ചിരുന്നില്ലായെന്നും എന്നാൽ ഇപ്പോൾ ടി പ്രവൃത്തി പൂർത്തീകരിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ തുക ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ തുക ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിന് നഷ്ടമായ 5,00,000/- രൂപ പ്രത്യേക ഗ്രാന്റായി അനുവദിക്കണമെന്നും പരാമർശം (3) ലെ കത്ത് പ്രകാരം പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

2) പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി നവീകരണത്തിനായി 2014-15 വർഷം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 5 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പ് ഓഫീസറുടെ പേരിൽ 2403-101-72-പ്ലാൻ - സ്ട്രെങ്ത്തനിങ് ഓഫ് എക്സ്റ്റന്റിംങ് വെറ്റിനറി ഹോസ്പിറ്റൽസ്/ ഡിസ്പെൻസറീസ് എന്ന ഹെഡിൽ അനുവദിച്ച തുക പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് വെറ്റിനറി സർജന്റെ പാലക്കാട് ജില്ലാ ട്രഷറിയിൽ 185 നമ്പർ ചെലാൻ പ്രകാരം പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 8448-00-109-93-03 VPFA-II (a) എന്ന കണക്ക് ശീർഷകത്തിൽ നിക്ഷേപിക്കുകയും പൊൽപ്പുള്ളി എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയർ ടെണ്ടർ നടപടി പൂർത്തിയാക്കി കരാറുകാരനെ പ്രവർത്തി ഏൽപ്പിച്ചെങ്കിലും 31/03/2016

നു മുൻപ് ടി പ്രവർത്തി പൂർത്തിയാക്കാൻ കഴിഞ്ഞില്ലായെന്നും തുടർന്ന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ട്രഷറി ബിൽ അക്കൗണ്ടിംഗ് സംവാധാനങ്ങളിൽ വന്ന മാറ്റങ്ങളെ തുടർന്ന് ടി തുക സർക്കാരിലേക്ക് തിരിച്ചെടുക്കപ്പെട്ടുവെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിന് (G090907) 2014-15 വർഷം മൃഗാശുപത്രി നവീകരണത്തിനായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും അനുവദിക്കുകയും സർക്കാർ തിരിച്ചെടുക്കപ്പെട്ടതുമായ തുകയായ 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് വികസന ഫണ്ടിലെ പൊതു വിഭാഗത്തിൽ '3604-00-200-86-(05)-35' എന്ന കണക്ക് ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവാകുന്നു..

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സെക്രട്ടറി, പൊൽപ്പുള്ളി പഞ്ചായത്ത്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
ഡയറക്ടർ , വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (E-654942)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.